കേരളകൗമുദി 30 January 2023

# സി.എം.എഫ്.ആർ.ഐക്ക് രാജ്ഭാഷാ പുരസ്കാരം

കൊച്ചി: ഭരണനിർവഹണങ്ങളിലും പ്രസിദ്ധീകരണങ്ങളിലും ഹിന്ദി ഭാഷ മികച്ച രീതിയിൽ നടപ്പാക്കിയതിനുള്ള കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിന്റെ ക്ഷേത്രീയ രാജ്ഭാഷാ പുരസ്കാരം കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന് (സി.എം.എഫ്.ആർ.ഐ) ലഭിച്ചു.

തിരുവനന്തപുരത്ത് നടന്ന ഭരണഭാഷ സമ്മേളനത്തിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ, കേന്ദ്ര ആഭ്യന്തരസഹമന്ത്രി അജയ്കുമാർ മിശ്ര എന്നിവരിൽ നിന്ന് ഡയറക്ടർ ഡോ.എ. ഗോപാലകൃഷ്ണനും ഹിന്ദി ഓഫീസർ ഇ.കെ. ഉമയും പുരസ്കാരം സ്വീകരിച്ചു.